അനവധി ചോദ്യങ്ങളും ചോദിച്ചിട്ടുണ്ട്. അങ്ങനെ ഈ കാര്യം കൂടക്കൂടെ കേന്ദ്ര ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നുണ്ട്. അതിൽ വല്ല പോരായ്മകളുമുണ്ടെങ്കിൽ അതു പരിശോധിക്കാം.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : പടക്കാട്ടുവയലിൽ വിമാനത്താവളത്തിനു് സ്ഥലമെടുക്കാൻ നടപടികളാരംഭിച്ചിട്ടു് അനവധി വർഷങ്ങളായി. അവിടെ വിമാനത്താവളം നിർമ്മിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ അതു് ഇല്ലെന്നു് തുറന്നുപറയുമോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : എടക്കാട്ടുവയലിൽ വിമാനത്താവളം വേണമെന്നാണു് ഇൻഡ്യാ ഗവണ്മെന്റ് ആദ്യം ആലോചിച്ചിരുന്നതു്. ഇപ്പോൾ അവരുടെ അഭിപ്രായത്തിൽ മാറ്റം വന്നിട്ടുണ്ടു്. കൊച്ചിയിലുള്ള വിമാനത്താവളംതന്നെ വികസിപ്പിക്കാൻ സാധിക്കുമെന്നുള്ള അഭിപ്രായമാണു് ഇപ്പോൾ ഇൻഡ്യാ ഗവണ്മെന്റിനുള്ളതു്. അവസാന തീരുമാനം അതേ സംബന്ധിച്ചു് ഇതേവരെ എടുത്തിട്ടില്ല.

ശ്രീ. ആർ. എസ്. ഉണ്ണി : കൊല്ലത്തെ ആശ്രാമം വിമാനത്താവളത്തിന്റെ പണി ഉപേക്ഷിച്ചതായി പത്രങ്ങളിൽ വന്ന വാർത്ത ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? കൊല്ലത്തു് ആശ്രാമം മൈതാനത്തു് ഒരു വിമാനത്താവളം നിർമ്മിക്കുന്നതിനുവേണ്ട അടിയന്തിര നടപടികളും ഗവണ്മെന്റു് സ്വീകരിക്കുമോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : പത്രവാർത്ത ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇൻറർ ഡിസ്ട്രിക്റ്റു് വിമാനസർവീസിന്റെ കാര്യം വരുമ്പോൾ കൊല്ലവുംകൂടി ഉൾപ്പെടും.

ശ്രീ. എസ്. ദാമോദരൻ : കേരളത്തിൽ ഇൻറർ ഡിസ്ട്രിക്റ്റു് വിമാന സർവ്വീസ് എപ്പോൾ നടപ്പാക്കുമെന്നു പറയാൻ ദയവുണ്ടാകുമോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : എപ്പോൾ നടപ്പാക്കുമെന്നു തിട്ടപ്പെടുത്തി പറയാൻ കഴിയുകയില്ല.

മാവൂർ റയൺസ് പൾപ്പ് ഫാക്റ്ററി

* 121. [420] ശ്രീ. എസ്. ദാമോദരൻ
,, എം. കെ. കേളു
,, പി. പി. കൃഷ്ണൻ
,, ടി. കെ. രാമകൃഷ്ണൻ
,, പാലോളി മുഹമ്മദ്കുട്ടി
,, വി. വി. ദക്ഷിണാമൂർത്തി
,, കെ. ചാത്തുണ്ണിമാസ്റ്റർ
,, വി.എസ്. അച്ചുതാനന്ദൻ

താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായ മന്ത്രി സഭയം മറുപടി നൽകുമോ :

(എ) ബിർളയ്ക്കു് (മാവൂർ റയൺസ് പൾപ്പ്ഫാക്റ്ററി) മുള കൊടുക്കുന്നതു് എത്ര വിലയ്ക്കാണു് ;

(ബി) പ്രസ്തുത ഫാക്റ്ററിക്കു് മുള നൽകുന്നതിനുള്ള കരാർ എപ്പോഴെല്ലാമാണു് പുതുക്കിയതു് ;

(സി) കരാർ വീണ്ടും പുതുക്കുന്നതിനെ സംബന്ധിച്ചു് ഗവണ്മെന്റു് ആലോചിക്കുന്നുണ്ടോ ?

വ്യവസായമന്ത്രി (ശ്രീ. ടി. വി. തോമസ്) :

(എ) ഒരു ടൺ മുളക്കു് 1.67 രൂപ നിരക്കിൽ, ഈ നിരക്കു് മുള നിൽക്കുന്ന സ്ഥലത്തുനിന്നും വെട്ടിയെടുക്കുന്നതിനുള്ളതാണു്. മറ്റു ചെലവുകളെല്ലാം കമ്പനി തന്നെ വഹിക്കേണ്ടതാണു്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കരാർ പൂതുക്കിയിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. വി. വി. ദക്ഷിണാമൂർത്തി : ഈ ഗവണ്മെന്റ് ബീർളാക്ക് കൊടുക്കുന്ന മുളയുടെ വില കുറവാണെന്ന പറയുന്നതിൽ വല്ല അടിസ്ഥാനവും ഉണ്ടോ ; ഉണ്ടെങ്കിൽ വില വർദ്ധിപ്പിക്കുന്നതിനെപ്പറ്റി ഗവണ്മെന്റ് ആലോചിച്ചിട്ടുണ്ടോ ?

ശ്രീ. ടി. വി. തോമസ് : വിലയല്ല, സീനിയറേജാണ്. ഇതുതന്നെ കൂടുതലാണെന്നാണ് അഭിപ്രായം. ഇതേ കാലഘട്ടത്തിൽ മൈസൂർ ഗവണ്മെന്റ് മുന്നു ടൺ മുളക്ക് 1 രൂപ 25 പൈസ വച്ചാണ് കൊടുക്കുന്നത്.

ശ്രീ. എം. കെ. ദിവാകരൻ : മാവൂർ റയോൺസ് ഫാക്ടറി മൈസൂറിലേക്ക് കൊണ്ടുപോകുന്നതായി പത്രവാർത്തകൾ കാണുകയുണ്ടായി. അതു ശരിയാണോ ?

ശ്രീ. ടി. വി. തോമസ് : മൈസൂറിലേക്ക് കൊണ്ടുപോകാൻ സാധിക്കുകയില്ല. മൈസൂറിൽ അവരുടെ വേറൊരു യൂണിറ്റ് സ്ഥാപിക്കാൻ നടപടികൾ എടുക്കുന്നുണ്ട്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സെൻട്രൽ പി. എ. സി. യും, സംസ്ഥാന പി. എ. സി. യും ഇതേ സംബന്ധിച്ച് ചില പാകപ്പിഴകൾ ചൂണ്ടിക്കാണിച്ചിരുന്നു. അതുകൂടി പരിഗണിക്കാൻ ഭയവുണ്ടാകുമോ ?

ശ്രീ. ടി. വി. തോമസ് : അതു് എയർഡ്രൈയും ഗ്രീനും തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ചാണ് ചൂണ്ടിക്കാണിച്ചിരുന്നതു്.

കൈത്തറി വ്യവസായം

* 122. [429] ശ്രീ. പി. രവീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി വ്യവസായത്തിന്റെ മേൽനോട്ടം വഹിക്കുന്നതിനുവേണ്ടി വ്യവസായ ഡിപ്പാർട്ടുമെന്റിൽ ഒരു പ്രത്യേക ജോയിന്റ് ഡയറക്ടറേയും മറ്റു കീഴുദ്യോഗസ്ഥന്മാരേയും നിയമിക്കണമെന്ന് ഗവണ്മെന്റിനു നിവേദനം ലഭിച്ചതെന്നാണ് ;

(ബി) ഇതിനനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

വ്യവസായമന്ത്രി (ശ്രീ. ടി. വി. തോമസ്)

(എ, ബി) കേരളാ സ്റ്റേറ്റ് കൈത്തറി സഹകരണസംഘം 20-2-1969-ൽ ഗവണ്മെന്റിനു സമർപ്പിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ഈ കാര്യം ഗവണ്മെന്റ് പരിഗണിച്ചുവരുന്നു.

വ്യവസായപരമായി പിന്നോക്കം കിടക്കുന്ന പ്രദേശങ്ങൾ

* 123. [430] ശ്രീ. പി. കുഞ്ഞൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായപരമായി പിന്നോക്കം കിടക്കുന്ന പ്രദേശങ്ങളെ വ്യവസായവൽക്കരിക്കുവാൻവേണ്ടി ഇൻഡ്യൻ വ്യാവസായികവികസന ബാങ്ക് സൗജന്യനിരക്കിൽ മൂടുപടധനം നൽകുവാൻ തീരുമാനിച്ച വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ കേരളസർക്കാർ റിസർവ്വ് ബാങ്കുമായോ വ്യവസായവികസനബാങ്ക് ഡയറക്ടർ ബോർഡുമായോ വല്ല കൂടിയാലോചനയും നടത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly